ജന്മഭൂമി

13 October 2025

സമുദ്രകൃഷി ഉത്പാദനം 25 ലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിട്ട് സിഎംഎഫ്ആർഐ

കൊച്ചി: രാജ്യത്ത മാരികൾച്ചർ (സമുദ്രകൃഷി) ഉത്പാദനം നിലവിലെ ഒന്നര ലക്ഷം ടണ്ണിൽ നിന്ന് 2047ഓടെ 25 ലക്ഷം ടണ്ണായി ഉയർത്താൻ ലക്ഷ്യമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം. രാജ്യത്തെ സമുദ്രമത്സ്യ മേഖലയിലെ അടുത്ത ഏറ്റവും വലിയ മുന്നേറ്റം സമുദ്രകൃഷിയായിരിക്കുമെന്നും ഈ രംഗത്ത് മികച്ച സാധ്യതയാണുള്ളതെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. കൂടുമത്സ്യകൃഷി, ഒന്നിലധികം കൃഷിരീതികൾ സംയോജിപ്പിച്ചുള്ള നൂതന മത്സ്യകൃഷിയായ ഇംറ്റ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉത്പാദനം വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഭാരതത്തിൽ പ്രതിവർഷം ശരാശരി 35 ലക്ഷം ടൺ മത്സ്യമാണ് കടലിൽ നിന്നും പിടിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും വിഭവ ശോഷണവും കാരണം മത്സ്യോത്പാദനം കൂട്ടാൻ സമുദ്രമത്സ്യകൃഷി പോലുള്ള ബദൽ മാർഗങ്ങൾ ആവശ്യമായി വന്നിരിക്കുകയാണ്. ഭാരത സാഹചര്യങ്ങൾക്ക് അനുയോജ്യമായ നിലവിലെ സമുദ്രമത്സ്യകൃഷി സാങ്കേതികവിദ്യകൾ സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. ഇത് ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമെന്നും ഡയറക്ടർ പറഞ്ഞു. പട്ടിക വിഭാഗങ്ങളിൽപ്പെട്ടവർക്ക് മത്സ്യബന്ധന, കാർഷിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു. ഡോ. കെ. മധു, ഡോ. വിജു ആർ., ഡോ. സനൽ എബ്രഹിം, ഡോ. സാജു ജോർജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യകർഷക പരിശീലന പരിപാടിയിൽ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പട്ടിക വിഭാഗ മത്സ്യകർഷകർക്ക് കൃഷി ഉപകരണങ്ങൾ വിതരണം ചെയ്യുന്നു